(സി) ധനസഹായം അനുവദിച്ചവർക്ക് അത് ലഭിക്കുന്നതിനും ഇതു സംബന്ധിച്ച് റവന്യൂ ഓഫീസുകളിൽനിന്നും വിവരം നൽകുന്നതിലും ഉള്ള കാലതാമസം ഒഴിവാക്കുവാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച ധനസഹായം 15-9-2010-വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) സ്വീകരിച്ചിട്ടുണ്ട്.

കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക

86 (100) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും താഴെപ്പറയുന്ന ഇനങ്ങളിൽ അനുവദിച്ച തുക എത്രയാണ് ;

1. ചികിത്സാ സഹായം
2. അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അനുവദിച്ച സഹായം

ഉത്തരം

നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

പാലം തകർന്ന് പരിക്കുപറ്റി ചികിത്സയിൽ പ്രവേശിപ്പിച്ച കുട്ടികൾക്കുള്ള ധനസഹായം

87 (101) ശ്രീ. എം. കെ. പ്രേംനാഥ് : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വടകര മണ്ഡലത്തിലെ ചോറോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ കനാൽപ്പാലം കടന്ന് പോകവെ പാലം തകർന്ന് പരിക്കുപറ്റി ചികിത്സയിൽ പ്രവേശിപ്പിച്ചതിനുശേഷം എം.എൽ.എ. എന്ന നിലയിൽ ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ സഹായധനത്തിനുള്ള അപേക്ഷ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിച്ചതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും കുട്ടികൾക്ക് എത്ര രൂപ സഹായധനം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

സഹായധനത്തിനുള്ള അപേക്ഷ സർക്കാർ പരിഗണിച്ചുവരുന്നു.

അപകടമരണം സംഭവിച്ചവർക്ക് നൽകിയ ധനസഹായം

88 (102) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപകടമരണം സംഭവിച്ച തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് ; അവരുടെ വിവരങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly